10. ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

11. കെൽപാം

ചൈന മുതലായ വിദേശരാജ്യങ്ങളിൽനിന്നുള്ള ടെറ്റാനിയം ഡയോക്സൈഡിന്റെ അനാരോഗ്യകരമായ ഇറക്കുമതി കെ.എം.എം.എൽ., റ്റി.റ്റി.പി. എന്നീ കമ്പനികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. എൻ.ടി.പി.സി.യുമായുള്ള കരാർ പ്രകാരം വിഭാവനം ചെയ്തിരുന്ന വികസനപദ്ധതികൾ പൂർണ്ണതോതിൽ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ടെൽക്കിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. വ്യവസായ മേഖലയിലുണ്ടായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ ഉണ്ടായിട്ടുള്ള വിലതകർച്ചയും മാന്ദ്യവും ആ മേഖലയിലുള്ള സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തെയും വർദ്ധിച്ച ഉൽപ്പാദന ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം.

ചേർത്തല ആട്ടോകാസ്റ്റ്

171(2373) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ചേർത്തല ആട്ടോകാസ്റ്റിൽ എത്ര പുതിയ നിയമനങ്ങൾ നടന്നു ; പ്രസ്തുത കാലയളവിൽ ഉണ്ടായ ഉത്പാദന വർദ്ധനവും വരുമാന വർദ്ധനവും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഉപയോഗിക്കാതെ നശിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പണം വ്യവസായ വകുപ്പ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്നും ആരാണ് ഉത്തരവാദിയെന്നും വ്യക്തമാക്കുമോ ;

(സി) ആട്ടോകാസ്റ്റിന്റെ സ്ഥലം വൈദ്യുതി കടിശ്ശികയുടെ പേരിൽ വൈദ്യുതി ബോർഡിന് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അപ്രകാരം തീരുമാനം കൈക്കൊണ്ടത് ആരാണെന്ന് പറയുമോ ;

(ഡി) റെയിൽവേയുമായി ചേർന്നുള്ള ജോയിന്റ് വെഞ്ചർ സംരംഭം എന്തു കൊണ്ടാണ് മുടങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ആട്ടോകാസ്റ്റിൽ അനധികൃതമായി നിയമനം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആട്ടോകാസ്റ്റിൽ, സ്റ്റീൽ കാസ്റ്റിംഗ് ലൈനിലേയ്ക്ക് 103 പേരെ ട്രെയിനികളായും റിട്ടയർമെന്റ് ഒഴിവിലേയ്ക്ക് 10 പേരെയും ആശ്രിത നിയമനപ്രകാരം 14 പേരെയും നിയമിച്ചു. ഈ കാലയളവിൽ 11394.87 മെട്രിക് ടൺ ഉൽപ്പാദനവും 8239.37 ലക്ഷംരൂപ വരുമാനവുമുണ്ടായി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആട്ടോകാസ്റ്റിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് പ്രവർത്തന മൂലധനമായും ഇതിനോടകം 18.75 കോടി രൂപ നൽകിയിട്ടുണ്ട്. സർക്കാർ ധനസഹായത്തിൽ ലഭിച്ച ഉപകരണങ്ങൾ ഒട്ടുമിക്കതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും ബാക്കിയുള്ളവ ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രവർത്തനസജ്ജമാകുന്നതുമാണ്.

(സി) ഇല്ല.

(ഡി) റെയിൽവേയുമായി ചേർന്ന് കമ്പനിയുടെ പുനരുദ്ധാരണത്തിന് നടത്തിയ നീക്കങ്ങളിൽ സംയുക്ത സംരംഭം എന്ന ആശയത്തിനുപകരം 'അഷ്വേർഡ് ഓഫ് ടേക്ക്' എന്ന പുതിയ ഒരു പദ്ധതി റെയിൽവേ മുന്നോട്ടുവച്ചുവെങ്കിലും പ്രസ്തുത പദ്ധതി സർക്കാരിനോ ആട്ടോകാസ്റ്റിനോ സഹായകരമല്ലെന്ന് കണ്ടതിനാൽ പദ്ധതി വേണ്ടെന്നുവയ്ക്കുകയായിരുന്നു.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly